# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 160 | 26-09-2016 -ൽ മറുപടിക്ക്

### ദേശീയ ജലപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദ മാക്കാമോ;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) & (ബി) 590 കി.മീ. നീളമുള്ള തിരുവനന്തപുരം - കാസർഗോഡ് ജലപാതയിൽ , കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ദൂരം മാത്രമാണ് ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. ദേശീയ ജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/ വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ ദൂരം പാതയും കൂടി ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി 12-04-2016 തീയതിയിൽ പ്രാബല്യത്തിൽ വന്ന National Waterways Act 2016 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (28കി.മീ), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (38 കി.മീ), |

കോട്ടയം-വൈക്കം (വെച്ചൂർ)കനാൽ (28 കി.മീ) എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

ദേശീയജലപാത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.

ദേശീയജലപാത-3ൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ജലപാതയിലാകെ ഗതാഗത സംവിധാനം ഏർപ്പെടുത്തികഴിഞ്ഞു. കൊല്ലം-ചവറ ഭാഗങ്ങളിൽ (2.75 കി.മീ) കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) നീക്കം ചെയ്യുന്നതിന് Ambhibian Dredger പോലുള്ള അത്യന്താധുനികമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുവരുന്നു. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ദേശീയ ജലപാതയിൽ രണ്ടുവരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്.

കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി ആകെ 944 ചീനവലകളിൽ (ലൈസൻസുള്ളവ-502, ലൈസൻസില്ലാത്തവ -442) 870 എണ്ണം പാരിതോഷികം നൽകി നീക്കം

ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 74 വലകൾ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) എന്തെല്ലാം അനുബന്ധ പ്രവർത്തനങ്ങളാണ് ഇതുവഴി സംയോജിച്ച് നടത്തുവാനുള്ളതെന്നും എന്നത്തേക്ക് ഈ പദ്ധതി കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(സി) ജലപാത സഞ്ചാര യോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികൾക്കൊപ്പം ബോട്ട് ജെട്ടികൾ, ലാന്റിംഗ് സെന്ററുകൾ, കാർഗോ ടെർമിനലുകൾ എന്നിവയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവയുടെ എല്ലാം നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ടൂറിസം വകുപ്പുമായി സംയോജിച്ച് വിനോദ സഞ്ചാരവികസനവും യാഥാർത്ഥ്യ മാക്കാവുന്നതാണ്. ദേശീയ ജലപാതയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ *ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ* **(IWAI)** ആണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്താവുന്നതാണ്.

Rasmul

സെക്ഷൻ ഓഫീസർ